I ഇ.ബി. XIII – കേരള നിയമസഭ/I-8

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

2011 ജൂലൈ 8, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**ധനകാര്യം**

2011–2012 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിന്റേയും വോട്ട് ഓൺ അക്കൗണ്ടിന്റേയും അവതരണം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി 2011–2012 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റും വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിച്ചു.

രാവിലെ 9.00 മണിക്ക് ആരംഭിച്ച ബഡ്ജറ്റ് പ്രസംഗം 11.26–ന് പൂർത്തിയാക്കി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി Medium Term Fiscal Policy and Strategy Statement with Medium Term Fiscal Plan for Kerala 2011-12 to 2013-14 മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

മി. സ്പീക്കർ : ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ബഡ്ജറ്റ് ഡോക്യുമെന്റ്സ് എം.എൽ.എ. ഹോസ്റ്റലിൽ മെമ്പർമാർക്ക് അവരവരുടെ മുറികളിൽ എത്തിക്കുന്നതാണ്. മാധ്യമ പ്രതിനിധികൾക്കുള്ള ബഡ്ജറ്റ് ഡോക്യുമെന്റ്സ് 407-ാം നമ്പർ മുറിയിൽനിന്നും ലഭിക്കുന്നതാണ്.

(ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ വിതരണം ചെയ്തു.)

സഭ രാവിലെ 11.30-ന് പിരിഞ്ഞു.